Annexure to submission

Uncorrected/Not for publication
08-10-2025

**അനുബന്ധം**

**റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച ശ്രീ. പി. എസ്. സുപാൽ എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി**

1. 2019 ജനവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മൂന്ന് വർഷം കൂടുമ്പോഴാണ്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി സംയുക്ത ട്രേഡ് യൂണിയൻ 2022 ജൂലൈ മാസം ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ലേബർ കമ്മിറ്റിയിൽ ചർച്ചകൾക്ക് ശേഷമാണ് പ്ലാന്റേഷന് വേതനം പുതുക്കി നിശ്ചയിക്കുന്നത്. ലേബർ കമ്മിറ്റി മീറ്റിങ് വിളിച്ച് കൂട്ടുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

2. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റിലേയും 1969-ലെ പ്ലാന്റേഷൻ ലേബർ റൂൾസിലേയും ചട്ടങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനുവേണ്ടി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ നിർദേശങ്ങൾ

നൽകാറുണ്ട്. നിർദേശങ്ങൾ ലംഘിക്കുന്ന തോട്ടം ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

3. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക എന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് പ്രാഥമിക സർവേ നടത്തുകയുണ്ടായി. റിട്ടയർ ചെയ്തവരെ സംബന്ധിച്ച് സ്ഥലമോ വീടോ ഇല്ലാത്തവരായി 4303 പേരും സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവരായി 1045 പേരും നിലവിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ച് സ്ഥലമുണ്ടായിട്ടും വീട് ഇല്ലാത്തവരായി 4715 പേരും സ്ഥലമോ വീടോ ഇല്ലാത്തവരായി 22359 പേരും ഉൾപ്പെടെ 32452 ഗുണഭോക്താക്കളെ കണ്ടെത്തുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറുകയും സർക്കാരിന്റെ ലൈഫ് മിഷന് ലിസ്റ്റിനൊപ്പം അംഗീകാരം പ്രത്യേക ലിസ്റ്റായി പരിഗണിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഭൂമി കണ്ടെത്താൻ കഴിയാത്തതാണ് തോട്ടം മേഖലയിലെ ഭവന പദ്ധതിക്ക് വിഘാതമായി നിൽക്കുന്നത്.

ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് തോട്ടം ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു.

മൂന്നാർ മേഖലയിൽ ജോലിചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് 4 ലക്ഷം രൂപ വീതം ചെലവഴിച്ച് 400 ച:അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ കുറ്റിയാർവാലി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൈമാറിയിട്ടുള്ളതാണ്.

കുളത്തുപ്പുഴയിലെ തിങ്കൾകരിക്കം വില്ലേജിൽ ആർ.പി.എൽ.-ന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് കുളത്തുപ്പുഴ എസ്റ്റേറ്റിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനുവേണ്ടി ഭവനം പ്രോജക്റ്റ് - ഓൺ യുവർ ഓൺ ഹൗസിങ് സ്കീം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഘട്ടം 1 ആയി 40 ഭവനങ്ങളുടെ നിർമ്മാണം M/s. കോസ്റ്റ്ഫോർഡിനെ ഏല്പിക്കുകയും ചെയ്തു. ഇരട്ട ഭവന മാതൃകയിൽ 6 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് ആർ.പി.എൽ.-ന് കൈമാറിയിട്ടുണ്ട്.

Uncorrected/Not for publication
08-10-2025

4. തോട്ടം മേഖലയിലെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ബഹു. റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശപ്രകാരം സർക്കാർ സമഗ്രമായ ഒരു തോട്ടം നയം രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മാനേജ്മെന്റുകൾ തോട്ടം തൊഴിലാളികൾക്കുവേണ്ടി ഇടുക്കിയിൽ 3 ഗ്രൂപ്പ് ഹോസ്പിറ്റൽ, 42 ഗാർഡൻ ഹോസ്പിറ്റൽ, 22 ഡിസ്പെൻസറി, വയനാട് ജില്ലയിൽ 2 ഗ്രൂപ്പ് ഹോസ്പിറ്റൽ, 4 ഗാർഡൻ ഹോസ്പിറ്റൽ 11 ഡിസ്പെൻസറി എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ തോട്ടം മേഖലയിൽകൂടി ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സോഷ്യൽ സെക്യൂരിറ്റി കോഡ് വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്.